പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1442

30.01.2018-ൽ
മറുപടിക്ക്

## ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് ഭിത്തി കെട്ടുന്നതിന് ഭരണാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് ഭിത്തി കെട്ടുന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി മലപ്പുറം ജില്ല റിവർ മാനേജ്മെന്റ് ഫണ്ട് സമിതി സംസ്ഥാന ഉന്നതതല സമിതിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) മലപ്പുറം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് സംസ്ഥാനതല സമിതിയുടെ തീരുമാനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;<br>(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ അടിയന്തരനടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ; | (ബി) & (സി) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള ജില്ലാ കളക്ടറുടെ ശുപാർശ 03.11.2017-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അംഗീകാരം നൽകിയില്ല. നദീ തീരങ്ങളെ ബലപ്പെടുത്തുന്നതിനായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പ്രസ്തുത പ്രദേശത്തെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ മരങ്ങളും ചെടികളും നട്ടു പിടിപ്പിക്കുന്നതിനാണ് യോഗം തീരുമാനിച്ചത്.<br><br>ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ സ്വീകരിച്ചു വരുന്നില്ല. |

സെക്ഷൻ ഓഫീസർ